I. ഇ.ബി. XV-കേരള നിയമസഭ/XIII-1

# പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

2025 ജനുവരി 17, വെള്ളി

പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനം 2025 ജനുവരി 17-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് ദേശീയഗാനവാദനത്തോടെ നിയമസഭാ ഹാളിൽ ആരംഭിച്ചു.

**ഗവർണ്ണറുടെ പ്രസംഗം**

നിയമസഭാ മന്ദിരത്തിന്റെ കിഴക്കുവശത്തുള്ള പ്രധാന കവാടത്തിൽ രാവിലെ 8.52-ന് എത്തിച്ചേർന്ന ബഹുമാനപ്പെട്ട ഗവർണ്ണർ ശ്രീ. രാജേന്ദ്ര വിശ്വനാഥ് അർലേകറെ ബഹുമാന്യരായ സ്പീക്കർ, മുഖ്യമന്ത്രി, തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, നിയമസഭാ സെക്രട്ടറി എന്നിവർ ചേർന്ന് സ്വീകരിച്ച് നിയമസഭാ ഹാളിലേയ്ക്ക് ആനയിച്ചു.

ബഹുമാനപ്പെട്ട ഗവർണ്ണറുടെ ആഗമനം ചീഫ് മാർഷൽ ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിച്ചു.

ബഹുമാനപ്പെട്ട ഗവർണ്ണർ നിയമസഭാ ഹാളിൽ പ്രവേശിച്ച ഉടനെ സഭാംഗങ്ങൾ എഴുന്നേറ്റുനിന്ന് ഗവർണ്ണറെ സ്വാഗതം ചെയ്തു. തുടർന്ന് ഗവർണ്ണറുടെ അംഗരക്ഷകൻ, നിയമസഭാ സെക്രട്ടറി, സ്പീക്കർ, ഗവർണ്ണർ, മുഖ്യമന്ത്രി, തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി, ഗവർണ്ണറുടെ സെക്രട്ടറി, ചീഫ് സെക്രട്ടറി എന്ന ക്രമത്തിൽ ബഹുമാനപ്പെട്ട ഗവർണ്ണറെ വേദിയിലേയ്ക്ക് ആനയിച്ചു.

ബഹുമാന്യരായ ഗവർണ്ണറും സ്പീക്കറും അധ്യക്ഷവേദിയിൽ അവരവരുടെ ഇരിപ്പിടങ്ങൾക്ക് മുന്നിലെത്തിയപ്പോൾ പോലീസ് ബാൻഡ് ദേശീയഗാനവാദനം മുഴക്കി.

ബഹുമാനപ്പെട്ട ഗവർണ്ണർ നിയമസഭാ സാമാജികരെ അഭിവാദ്യം ചെയ്തതിനുശേഷം രാവിലെ 9.00 മണിക്ക് പ്രസംഗം ആരംഭിക്കുകയും 10.58-ന് പൂർത്തിയാക്കുകയും ചെയ്തു.

അതിനുശേഷം ബഹുമാനപ്പെട്ട ഗവർണ്ണർ സ്വന്തം ഇരിപ്പിടത്തിനുമുന്നിലെത്തിയപ്പോൾ വീണ്ടും പോലീസ് ബാൻഡ് ദേശീയഗാനവാദനം മുഴക്കി. തുടർന്ന് ഗവർണ്ണറുടെ അംഗരക്ഷകൻ, നിയമസഭാ സെക്രട്ടറി, സ്പീക്കർ, ഗവർണ്ണർ, മുഖ്യമന്ത്രി, തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി, ഗവർണ്ണറുടെ സെക്രട്ടറി, ചീഫ് സെക്രട്ടറി എന്ന ക്രമത്തിൽ ബഹുമാനപ്പെട്ട ഗവർണ്ണറെ നിയമസഭാ മന്ദിരത്തിന്റെ പ്രധാന കവാടത്തിലേയ്ക്ക് അനുഗമിച്ച് യാത്രയാക്കി.

ബഹുമാനപ്പെട്ട ഗവർണ്ണറെ യാത്രയാക്കിയശേഷം ബഹുമാനപ്പെട്ട സ്പീക്കറുടെ അധ്യക്ഷതയിൽ യോഗം തുടർന്നു. സ്പീക്കറുടെ നിർദേശാനുസരണം ഗവർണ്ണറുടെ പ്രസംഗത്തിന്റെ പകർപ്പുകൾ നിയമസഭാ സാമാജികർക്കും പത്രപ്രവർത്തകർക്കും വിതരണം ചെയ്തു.

ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച 2025 ജനുവരി മാസം 20-ാം തീയതി ആരംഭിക്കുന്നതാണെന്നും നന്ദി പ്രമേയത്തിന് ഭേദഗതികൾ നൽകാനുദ്ദേശിക്കുന്ന അംഗങ്ങൾ 2025 ജനുവരി 18-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് മുമ്പായി പ്രസ്തുത ഭേദഗതികൾ നിയമസഭാ സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണെന്നും സ്പീക്കർ സഭയെ അറിയിച്ചു.

(സഭ രാവിലെ 11-08 ന് പിരിഞ്ഞു.)

* * * * * * * * * *